മുഖക്കുറിപ്പ്

# എതിരെഴുത്തിലെ ആഖ്യാനവിശേഷം

അധികാരവും പ്രതിരോധവും മലയാളസാഹിത്യത്തിൽ എങ്ങനെയാണ് ചരിത്രപരമായും രാഷ്ട്രീയമായും അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന അന്വേഷണത്തിന്റെ പരിണതഫലമാണ് 'എതിരെഴുത്തുകൾ'. മനുഷ്യന്റെ ഭാഗധേയം നിർണ്ണയിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന അധികാരത്തിന്റെ ബലതന്ത്രങ്ങളെ തിരിച്ചറിയാൻ ഈ പ്രബന്ധങ്ങളുടെ വായനയിലൂടെയും വിശകലനത്തിലൂടെയും സാധിക്കുമെന്നതിൽ തർക്കമില്ല.

അധികാരത്തിന്റെയും പ്രതിരോധത്തിന്റെയും ആവിഷ്കാരം വിവിധ വീക്ഷണകോണുകളിലൂടെയാണ് ഓരോ പ്രബന്ധകർത്താവും അവതരിപ്പിച്ചിരിക്കുന്നത്. പുരുഷാധികാരം, ഭരണാധികാരം, സവർണ്ണാധികാരം, മതാധികാരം തുടങ്ങി വ്യത്യസ്തമായ അധികാരശ്രേണികളേയും അവയുടെ നേർക്കുള്ള പ്രതിരോധത്തിന്റെ പാഠങ്ങളേയും വ്യത്യസ്തമാനങ്ങളിൽ ആവിഷ്കരിക്കുകയാണിവിടെ.

പുരുഷകേന്ദ്രിത സമൂഹത്തിൽ (male dominant society) സ്ത്രീസ്വത്വം തിരസ്കരിക്കപ്പെടുമ്പോൾ, വ്യവസ്ഥാപിത അധികാരങ്ങളുടെ നേർക്ക് ശക്തിയോടെ പ്രതികരിക്കുന്ന കവിതകളാണ് ഗിരിജ എം. പാതേക്കരയുടേത്. ഈ കവിതകളെ സ്ത്രീസ്വത്വ നിർമ്മിതിയുടെ സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ അപഗ്രഥിക്കുകയാണ് ജോയ്സി റോജാ വർഗ്ഗീസ്. സ്ത്രീയെ അടിച്ചമർത്തുമ്പോഴുണ്ടാകുന്ന പ്രതിരോധത്തിന്റേയും അതിജീവനത്തിന്റേയും ഭാഗമായി എഴുത്ത് എങ്ങനെയാണ് ശക്തമായ ഒരു മാദ്ധ്യമമായിത്തീരുന്നതെന്ന് 'മാറ്റാത്തി'യെന്ന നോവൽ പഠനവിധേയമാക്കി അനു ട്രീസ ചിറ്റിലപ്പള്ളി വിശദീകരിക്കുന്നു. കുടുംബജീവിതത്തിലെ അസംതൃപ്തതൃഷ്ണകളും സ്ത്രീയുടെ ത്യാഗമനോഭാവവും എങ്ങനെയെല്ലാം മാധവിക്കുട്ടിയുടെ കഥകളിൽ പ്രതിഫലിക്കുന്നുവെന്ന്

വ്യക്തമായി വരച്ചുകാട്ടുന്ന പ്രബന്ധമാണ് വിജിതയുടേത്. സ്ത്രീസ്വത്വാവിഷ്കാരനിർമ്മിതിയ്ക്കായി യത്നിക്കുന്ന സ്ത്രീജീവിതമാണ് നോവൽ പ്രമേയത്തിനു കരുത്തുപകരുന്നതെന്ന ദീപ ആർ.വി.എം. എന്ന പ്രബന്ധകാരിയുടെ കാഴ്ചപ്പാട് 'ബർസ—തലകുനിക്കാത്തവൾ' എന്ന പ്രബന്ധത്തിനു ശക്തിനല്കുന്നു. പുരുഷാധികാരവ്യവസ്ഥയോടുള്ള പ്രതിരോധമായി നോവലിസ്റ്റ് 'ആരാച്ചാരി'ൽ ചേതനയെ അവതരിപ്പിച്ചിരിക്കുന്നത് ശ്രദ്ധാപൂർവ്വം നിരീക്ഷണം നടത്തിയിരിക്കുന്ന പ്രബന്ധമാണ് ധന്യ. എസ്. പണിക്കരുടെ 'സ്ത്രൈണസത്തയുടെ ചോദന'. പുരുഷമേധാവിത്ത കുടുംബത്തിനുള്ളിൽ സ്ത്രീ അതിജീവനത്തിന്റെ പ്രതിരോധപാഠങ്ങൾ എങ്ങനെ മെനയുന്നുവെന്ന് ആധുനികാനന്തര ചെറുകഥകളെ പഠനവിധേയമാക്കിക്കൊണ്ട് നിമ്മി. എ.പി. പ്രബന്ധരചന നിർവ്വഹിച്ചിരിക്കുന്നു.

ലിംഗനീതിയും തൊഴിൽനീതിയും സാമൂഹ്യനീതിയും ലഭ്യമാകാത്ത നിരവധി സ്ത്രീജീവിതങ്ങൾ ഇവിടെയുണ്ടെന്ന തിരിച്ചറിവ് പ്രദാനംചെയ്യുന്ന പ്രബന്ധമാണ് ഉദയന്റേത്. പ്രാദേശികവും ഭാഷാപരവും കാലികവും നൈസർഗ്ഗികവുമായ പ്രതിരോധപാഠങ്ങളെ കെ.ആർ. മീരയുടെ 'പായിപ്പാട്ടുമുതൽ പേസ്മേക്കർ വരെ' എന്ന കഥയിലൂടെ അടയാളപ്പെടുത്താൻ ശ്രമിച്ചിരിക്കുന്ന പ്രബന്ധമാണ് ഷീന വി.കെ. യുടെ 'പ്രതിരോധത്തിന്റെ ഭിന്നമുഖങ്ങൾ.' ആണധികാരവ്യവസ്ഥിതിയും പ്രതിരോധത്തിന്റെ പെണ്ണിടവും 'പാട്ടബാക്കി' എന്ന നോവലിൽ എങ്ങനെ പ്രതിഫലിക്കുന്നുവെന്ന അന്വേഷണമാണ് സിമി എ.ജെ. നടത്തിയിരിക്കുന്നത്. ആണധികാരത്തിൽനിന്നും പെണ്ണനുഭവങ്ങൾ തികച്ചും സ്വതന്ത്രമാകേണ്ടതിന്റെ ആവശ്യകത പ്രതിപാദിക്കുന്ന പ്രബന്ധമാണ് സൗമ്യയുടെ 'പെൺവിനിമയങ്ങളിലെ അധികാരരൂപങ്ങൾ'.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമിടയിൽ കുടുങ്ങിക്കിടക്കുന്ന സ്ത്രീജീവിതങ്ങള്ശക്തിപ്പെടുന്നതിന്റെ ചിത്രം 'പരിണയം' എന്ന തിരക്കഥയിലൂടെ കണ്ടെടുക്കാൻ ശ്രമിക്കുകയാണ് രാമചന്ദ്രൻപിള്ള. മാധവനാൽ തിരസ്കരിക്കപ്പെടുന്ന നങ്ങേലി എന്ന സ്ത്രീയുടെ ഉയിർത്തെഴുന്നേല്പിന്റേയും അതിജീവനത്തിന്റേയും നേർചിത്രം കൃത്യമായി ഈ പ്രബന്ധത്തിൽ ദർശിക്കാം. അഭിജ്ഞാനശാകുന്തളത്തിലെ രാജാധികാരവും അതിനുനേർക്കുള്ള പ്രതിരോധവും കാളിദാസൻ എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നുവെന്ന് വിശകലനം ചെയ്തിട്ടുള്ള പ്രബന്ധമാണ് ശ്രീമതി. പ്രജിനിയുടേത്. മലയാളനാടകചരിത്രം അപഗ്രഥിച്ചാൽ

സമുദായപരിഷ്കരണത്തിന് എപ്പോഴും നാടകത്തിൽ പ്രാധാന്യം നല്കിയിരുന്നുവെന്നുകാണാം. അടുക്കളയിൽനിന്നും അരങ്ങിലേയ്ക്കും പിന്നീട് തൊഴിൽകേന്ദ്രത്തിലേയ്ക്കും എത്തിച്ചേരുന്നവളാണ് സ്ത്രീ എന്ന രാഷ്ട്രീയബോധം അരക്കിട്ടുറപ്പിക്കുന്ന 'തൊഴിൽകേന്ദ്രത്തിലേയ്ക്ക്' എന്ന നാടകത്തെ ചരിത്രപരമായി വിശകലനംചെയ്യുന്ന ഒന്നാണ് 'പ്രതിരോധത്തിന്റെ രംഗഭാഷ്യം–തൊഴിൽകേന്ദ്രത്തിലേയ്ക്ക്' എന്ന ഡോ. ജാൻസിയുടെ പ്രബന്ധം.

സൈബറിടങ്ങളിലെ അധികാരവും പ്രതിരോധവും നോവലുകളിൽ എങ്ങനെ ആവിഷ്കൃതമായിരിക്കുന്നുവെന്ന ഡോ. അജി കുഴിക്കാട്ടിന്റെ 'നവമാദ്ധ്യമാധികാരത്തിന് ഒരനുബന്ധം അഥവാ ഫ്രാൻസിസ് ഇട്ടിക്കോര' എന്ന പ്രബന്ധം വേറിട്ടുനില്ക്കുന്നു. അധികാരത്തിന്റെ ഏറ്റവും ശക്തമായ ഇടപെടൽ മനുഷ്യനിൽ അടിച്ചേല്പിക്കുന്നത് മതങ്ങളും വിശ്വാസങ്ങളുമാണെന്നും ഈ വിശ്വാസത്തെ തച്ചുടയ്ക്കാൻ ശ്രമിക്കുന്ന വാങ്മയമാണ് 'നിരീശ്വരൻ' എന്ന നോവൽ എന്നും 'തകർന്നുയരുന്ന ദേവബിംബങ്ങൾ' എന്ന പ്രബന്ധത്തിലൂടെ ഡോ. എം. ഗംഗാദേവി നിരീക്ഷിക്കുന്നു. ആഗോളവത്കരണത്തിന്റേയും വിപണിസംസ്കാരത്തിന്റേയും നീരാളിപ്പിടുത്തത്തിനിടയിൽ ഒരു ജനതയുടെ പ്രതിരോധസാദ്ധ്യതകൾ കണ്ടെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ശ്രുതി 'ചാവൊലി' എന്ന നോവലിനെ പഠനവിധേയമാക്കിയിരിക്കുന്നു. അഗ്നിക്കാവടി എന്ന അനുഷ്ഠാനകലയുടെ പ്രതിരോധസാദ്ധ്യതകളും അതിന്റെ മനഃശാസ്ത്രവും ചർച്ചചെയ്യാൻ ശ്രമിക്കുന്ന പ്രബന്ധമാമ് ശ്രീജ ജെ.എസ്സിന്റേത്.

അധഃകൃതരുടെ പ്രതിഷേധം എങ്ങനെയാണ് സവർണ്ണാധിപത്യത്തെ കീഴ്മേൽ മറിച്ചത് എന്ന് ടി.കെ.സി. വടുതലയുടെ ചെറുകഥയെ ആധാരമാക്കി തികച്ചും അക്കാദമിക രീതിയിൽ പഠിച്ച് പ്രബന്ധരചന നിർവ്വഹിച്ചിരിക്കുകയാണ് ഡോ. സുധീർകുമാർ പി. പാർശ്വവത്കരിക്കപ്പെട്ട ഒരു ജനവിഭാഗത്തിന്റെ പ്രശ്നങ്ങളെ അടയാളപ്പെടുത്തിയിരിക്കുന്ന 'ചാവൊലി' എന്ന നോവലിലെ അരികുജീവിതവും അധികൃതരാഷ്ട്രീയവുമാണ് ഉർസുലയുടെ പ്രബന്ധത്തിൽക്കാണാനാവുക. സി. അയ്യപ്പന്റെ കഥകളിൽ തെളിയുന്ന കീഴാള അനുഭവങ്ങൾ പ്രതിരോധപാഠങ്ങളായി വീണാ ഗോപാൽ തന്റെ പ്രബന്ധത്തിൽ ആവിഷ്കരിക്കുന്നു.

അധികാരത്താൽ ചൂഷണം ചെയ്യപ്പെടുന്ന നിരവധി മനുഷ്യജീവിതങ്ങളെ വിവിധ രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളുടെ

അടിസ്ഥാനത്തിൽ അക്കാദമികമായി വിലയിരുത്തുന്ന പ്രബന്ധമാണ് മെറിൻ ജോയിയുടേത്. അധികാരവും പ്രതിരോധവും ജനതയെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നുവെന്ന നിരീക്ഷണമാണ് 'നഗരാധികാരത്തിന്റെ അധിനിവേശങ്ങൾ—ആലാഹയുടെ പെൺമക്കളിൽ' എന്ന പ്രബന്ധത്തിലൂടെ സ്മിത എൽസി സെബാസ്റ്റ്യൻ നിർവ്വഹിച്ചിരിക്കുന്നത്.

'ഭരണകൂടത്തിന്റേയും പുരുഷാധിപത്യ സമൂഹത്തിന്റേയും ഭയപ്പെടുത്തലിന്റെ പാഠങ്ങൾ' എന്ന പ്രബന്ധത്തിൽ ദിവ്യ ധർമ്മദത്തൻ അധികാരത്തിന്റെ പ്രത്യയശാസ്ത്രം ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ കഥകളിലൂടെ വിശകലനം ചെയ്യുന്നു. ജനാധിപത്യം പേരിൽ മാത്രമാണെന്നും ആത്യന്തികമായി ജനങ്ങൾക്കല്ല, അധികാരികൾക്കുതന്നെയാണ് ആധിപത്യമെന്നും '1128-ൽ ക്രൈം' എന്ന നാടകപഠനത്തിലൂടെ മുഹമ്മദ് ബഷീർ. കെ.കെ. വിശദമാക്കുന്നു. അധികാരത്തെ നിർണ്ണയിക്കുന്ന വ്യത്യസ്തഘടകങ്ങളും അവ എങ്ങനെയാണ് പൗരജീവിതത്തെ സ്വാധീനിക്കുന്നതെന്നും മലയാറ്റൂരിന്റെ 'യന്ത്രം' എന്ന നോവലിനെ ആസ്പദമാക്കി ഷെറീനാ റാണിയുടെ പ്രബന്ധം അന്വേഷിക്കുന്നു. 'അധികാരത്തിനുപിന്നിൽ പണത്തിന്റെ ധിക്കാരപരമായ കരുത്തുണ്ട്' എന്നുതെളിയിക്കാനുതകുന്ന പ്രബന്ധമാണ് ബീന കെ.യുടേത്. പ്രസ്തുതപ്രബന്ധം ചന്തുമേനോന്റെ നോവലുകളിലെ ദായക്രമം അടിസ്ഥാനമാക്കിയാണ് സംവിധാനം ചെയ്തിട്ടുള്ളത്. ഒ.വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസ'ത്തെ അവലംബിച്ച് അധികാരത്തിന്റെ വിവിധതലങ്ങളെ അപഗ്രഥിച്ചിരിക്കുന്നു ദീപ ബി.എസ്.

'എതിരെഴുത്തുകൾ' എന്ന ഈ പ്രബന്ധസമാഹാരം അക്കാദമികലോകത്തേയ്ക്ക് വിശകലനത്തിനായി സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

പുല്ലൂറ്റ് — ഷെറീനാ റാണി ജി.ബി.

22-02-2016 — *ഇഷ്യൂ എഡിറ്റർ.*